പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 1009. 29/09/2011-ൽ മറുപടിയ്ക്ക്

സർക്കാർ സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്ന പുതിയനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ.പാലോട് രവി<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സർക്കാർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് പുതിയ നയം അംഗീകരിച്ചിട്ടുണ്ടോ ;<br>ബി) പ്രസ്തുത നയത്തിലെ പുതിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;<br>(സി) ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച പുതിയ ബില്ലുമായി പൊരുത്തപ്പെടുന്ന ഭേദഗതികളാണോ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ? | എ) ബി) & സി) വികസനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസനയം സർക്കാർ പരിഗണിച്ചു വരുന്നു. ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിച്ചില്ലെങ്കിൽ തിരികെ ഏറ്റെടുക്കുക, ഭൂദാതാക്കൾക്ക് പദ്ധതിയുടെ ഓഹരി ഉടമകളാകാൻ അവസരം നൽകുക, ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറക്കുന്നതിന് മുൻപ് ഭൂദാതാക്കളുമായി ചർച്ച നടത്തുക തുടങ്ങിയ കാര്യങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂദാതാക്കളായ കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഭൂമി ലഭ്യമാക്കുക, കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുക, ഭൂവിലയിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായ ആനുകൂല്യം ലഭിക്കുന്ന തരത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ പുറപ്പെടുവിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നയം ബഹു. റവന്യൂ മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ